# GOVERNMENT OF KERALA

## Abstract

Home Department - Prisons - Recommendation of Jail Advisory Committee of Central Prison and Correctional Home, Viyyur - Premature release of Prisoners - Orders issued.

## HOME (B) DEPARTMENT

G.O.(Ms)No.122/2025/HOME Dated,Thiruvananthapuram, 15-07-2025

Read: 1. G.O.(P) No. 89/2014/Home, dated 06.05.2014
2. Letter No.WP1-692/2024/PrHQ dated:29.02.2024 of the Director General, Prisons and Correctional Services.

## ORDER

As per rule 462 and 463 of Kerala Prisons and Correctional Services (Management) Rules , 2014 , Advisory committees are constituted in each Central Prison, Open Prison, Prison for Women and High Security Prison to make recommendations for the premature release of prisoners to Government . The Jail Advisory Committee of Central Prison and Correctional Home, Viyyur, held on 05.02.2024, recommended 8 prisoners for being considered for premature release. The Director General of Prisons and Correctional Services has furnished a copy of the minutes of the meeting and relevant materials as per the letter read as 2nd paper above . Four prisoners included in the above recommendation have already been released by completing their sentence.

2. Government have examined the matter in detail and are pleased to release 3 (Three) prisoners mentioned below after remitting their remaining period of sentence, in exercise of powers conferred under Article 161 of the Constitution of India and subject to the conditions laid down in rule 470 of the Kerala Prisons and Correctional Services (Management) Rules, 2014:

1. C No. 5706 Nawab S/o Haneefa
2. C No. 138/22 Paul S/o Lonappan
3. C No. 329/22 Nazeer S/o Basheer

(By order of the Governor)
**BISHWANATH SINHA**
**ADDITIONAL CHIEF SECRETARY**

Principal Secretary to the Hon'ble Governor, Raj Bhavan, Thiruvananthapuram
The State Police Chief, Thiruvananthapuram
The Director General of Prisons and Correctional Services, Thiruvananthapuram (with case files)
Superintendent, Central Prison and Correctional Home, Viyyur, Thrissur
General Administration (SC) Department
Law Department (Vide OPN-E1/225/2024-LAW dated 25.07.2024)
Information Officer, Web & New Media division, I&PRD
The Stock file

Forwarded /By order
Signed by
Kavitha S
Date: 15-07-2025 10:02:20
Section Officer

Copy to: Private Secretary to the Chief Minister

-167-

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-02-2025

(115)

ഫയൽ നം. ബി1/100/2024/ആഭ്യന്തരം. ഇനം നം: 2699

വിഷയം : ആഭ്യന്തര വകുപ്പ് - ജയിലുകൾ - 05.02.2024-ൽ കൂടിയ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിടുതൽ നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (2) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saarada

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

13/2/25

- 1325

2699

(102)

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | ബി1/100/2024/ആഭ്യന്തരം |
| 2. വകുപ്പ് | ആഭ്യന്തര (ബി) വകുപ്പ് |
| 3. വിഷയം | ആഭ്യന്തര വകുപ്പ് - ജയിലുകൾ- 05.02.2024 ൽ കൂടിയ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിട്ടുതൽ നൽകുന്നത് -സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 24.10.2024 |
| 5.<br>(i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അല്ല<br><br>ബാധകമല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, നിയമവകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി ദീപ ശിവദാസൻ |
| 8.കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 17.01.2025 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 03.02.2025 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13.മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 06.02.2025 |
| 14.കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 11.02.2025 |
| 15.മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16.തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

103) 05.02.2024 ൽ കൂടിയ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിട്ടുതൽ നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

104) 2) 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടങ്ങൾ 462, 463 എന്നിവ അനുസരിച്ച് തടവുകാരുടെ അകാല വിട്ടുതൽ സംബന്ധിച്ച ശിപാർശകൾ സർക്കാരിൽ സമർപ്പിക്കുന്നതിനായി എല്ലാ സെൻട്രൽ ജയിലുകളിലും വനിതാ ജയിലുകളിലും തുറന്ന ജയിലുകളിലും അതീവ സുരക്ഷാ ജയിലിലും ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതി 05.02.2024 ന് യോഗം ചേർന്ന് 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 464 ൽ പറഞ്ഞിരിക്കുന്ന വിഭാഗത്തിലുള്ള 8 തടവുകാർക്ക് അകാല വിട്ടുതൽ അനുവദിക്കുന്നതിന് ശിപാർശ ചെയ്തു. ബന്ധപ്പെട്ട ചട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. 1973-ലെ ക്രിമിനൽ നടപടി സംഹിതയുടെ 433 (എ) വകുപ്പിന്റെ പരിധിയിൽ ( BNSS SECTION 475) വരുന്ന ജീവപര്യന്തം തടവുകാർ (പതിനാല്ല വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കിയ തടവുകാർ)

2. സ്ഥിരം കുറ്റവാളികളല്ലാത്ത പുരുഷന്മാരെയും യുവാക്കളായ കുറ്റവാളികളെയും സംബന്ധിച്ച് ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെടാത്തതും എന്നാൽ ഒരു വർഷത്തിൽ കൂടുതൽ കാലയളവിലേക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ളതുമായ കേസുകളിൽ ഇളവുകളുൾപ്പെടെ യഥാർത്ഥ ശിക്ഷയുടെ പകുതി പൂർത്തിയാക്കിയ തടവുകാർ. എന്നാൽ ഒരു വർഷത്തേക്ക് മാത്രം ശിക്ഷിക്കപ്പെട്ടവരുടെ കേസുകളിൽ ശിക്ഷായിളവുൾപ്പെടെ ഒരു വർഷം പൂർത്തിയാക്കിയ തടവുകാർ.

105) 3 (1) സി. നം.5384 രവി, (2) സി.നം. 223/23 മണികണ്ഠ , (3) സി.നം. 266/23 ഔസേപ്പ് കുട്ടി, (4) സി.നം. 432/23 സോളമൻ, എന്നിവർ ഇതിനോടകം തന്നെ ശിക്ഷ പൂർത്തിയാക്കി വിട്ടുതൽ

ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ഡയറക്ടർ ജനറൽ പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് പിന്നീട് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇവരെ ഒഴിവാക്കാവുന്നതാണ്.

106) 4) തടവുകാരുടെ കേസ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1) സി.നം. 5706, നവാബ് @ നവാസ് S/o ഹനീഫ (വയസ്സ്:47/2024)**

മരിച്ച ജമാലും രണ്ടാം പ്രതി നവാബും എറണാകുളം കച്ചേരിപ്പടി മാർക്കറ്റിലെ മത്സ്യ കച്ചവടക്കാരായിരുന്നു. 05.08.2007 ന് മുൻ വൈരാഗ്യം നിമിത്തം നവാബും മറ്റ് നാല് പേരും ചേർന്ന് ഗൂഢാലോചന നടത്തി മാരകായുധങ്ങളുമായി നിയമവിരുദ്ധമായി സംഘം ചേർന്ന് ജമാലിനെ ക്രൂരമായി കൊലപ്പെടുത്തി.

**ശിക്ഷ സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നം. | കോടതി | കേസ് നമ്പരും വിധിന്യായത്തിന്റെ തീയതിയും | ശിക്ഷ | 30.11.2023 ൽ പൂർത്തീകരിച്ച യഥാർത്ഥ ശിക്ഷ | 30.11.2023 ൽ ഇളവ് ഉൾപ്പെടെ പൂർത്തീകരിച്ച ശിക്ഷ |
|---|---|---|---|---|---|
| 1 | ബഹു.അഡീഷണൽ സെഷൻസ് കോടതി IV – എറണാകുളം | എസ്.സി.നം. 490/2007 തീയതി: 20.11.2008 | 1.ഇന്ത്യൻ ശിക്ഷാ നിയമം 302 r/w 120 B r/w 149 വകുപ്പ് പ്രകാരം ജീവപര്യന്തം കഠിന തടവും 1,00,000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ രണ്ട് വർഷം വെറും തടവ്<br><br>2. ഇന്ത്യൻ ശിക്ഷാ നിയമം 120 (B) വകുപ്പ് പ്രകാരം 3 വർഷം കഠിന തടവ്<br><br>3.ഇന്ത്യൻ ശിക്ഷാ നിയമം 148 വകുപ്പ് പ്രകാരം 2 വർഷം | 15 വർഷം<br>03 മാസം<br>15 ദിവസം | 19 വർഷം<br>10 മാസം<br>07 ദിവസം |

| | | | | | |
|---|---|---|---|---|---|
| | | | കഠിന തടവും 10,000/- രൂപ പിഴയും. പിഴ ഒടുക്കിയില്ലെങ്കിൽ 6 മാസം വെറും തടവ്<br><br>4. ആംസ് ആക്റ്റ് 27 വകുപ്പ് പ്രകാരം 2 വർഷം കഠിന തടവ്<br><br>5. ഇന്ത്യൻ ശിക്ഷാ നിയമം 143 r/w 141 വകുപ്പ് പ്രകാരം 6 മാസം വെറും തടവ്. | | |
| 2 | ബഹു. ഹൈക്കോടതി | സി.ആർ.എൽ.എ.നം. 129/2009 തീയതി: 27.06.2012 | ഭാഗികമായി ശരിവച്ചു<br><br>1) ഇന്ത്യൻ ശിക്ഷാ നിയമം 120 B പ്രകാരമുള്ള ശിക്ഷ ഒഴിവാക്കി<br><br>2) ഇന്ത്യൻ ശിക്ഷാ നിയമം 302 r/w 149 വകുപ്പ് പ്രകാരം പിഴ ശിക്ഷ 50,000/- രൂപയായി കുറച്ചു. | | |

## റിപ്പോർട്ടുകൾ

| | |
|---|---|
| **പോലീസ്** | പ്രതികൂലം |
| **പ്രൊബേഷൻ ഓഫീസർ** | അനുകൂലം |

## ഉപദേശക സമിതിയുടെ ശിപാർശ

പോലീസ് റിപ്പോർട്ട് പ്രതികൂലമാണെങ്കിലും പ്രൊബേഷൻ റിപ്പോർട്ട് അനുകൂലമാണ്. ടിയാന് പതിവായി പരോൾ ലഭിക്കാറുണ്ട്. ടിയാന്റെ അവധിക്കാലത്ത് ക്രമസമാധാന

പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. ജയിലിൽ ടിയാനെ ഏൽപ്പിച്ച ജോലി ശരിയായും ആത്മാർത്ഥമായും നിർവഹിക്കുന്നുണ്ട്. ജയിലിനുള്ളിൽ ടിയാന്റെ പെരുമാറ്റവും തൃപ്തികരമാണ്. മേൽപ്പറഞ്ഞവ പരിഗണിച്ച് ജയിൽ ഉപദേശക സമിതി ടിയാന്റെ വിടുതൽ ഐകകണ്ഠേന ശുപാർശ ചെയ്തു.

**2) സി.നം.138/22, പോൾ S/o ലോനപ്പൻ (വയസ്സ്: 64/2024)**

17.08.2002 ന് പോൾ തന്റെ കൂടെ ജോലി ചെയ്തിരുന്ന അനിൽകുമാറിനെ കത്തികൊണ്ട് കുത്തി കൊലപ്പെടുത്തി.

**ശിക്ഷ സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നം. | കോടതി | കേസ് നമ്പരും വിധിന്യായത്തിന്റെ തീയതിയും | ശിക്ഷ | 30.11.2023 ൽ പൂർത്തീകരിച്ച യഥാർത്ഥ ശിക്ഷ | 30.11.2023 ൽ ഇളവ് ഉൾപ്പെടെ പൂർത്തീകരിച്ച ശിക്ഷ |
|---|---|---|---|---|---|
| 1 | ബഹു. അഡീഷണൽ സെഷൻസ് കോടതി – I തൃശ്ശൂർ | എസ്.സി.നം. 149/2003 തീയതി: 25.11.2009 | 1. ഇന്ത്യൻ ശിക്ഷാ നിയമം 302 വകുപ്പ് പ്രകാരം ജീവപര്യന്തം കഠിന തടവും 50,000/- രൂപ പിഴയും. പിഴ ഒടുക്കിയില്ലെങ്കിൽ 3 വർഷം കഠിന തടവ് | 14 വർഷം 17 ദിവസം | 19 വർഷം 26 ദിവസം |
| 2 | ബഹു. ഹൈക്കോടതി | സി.ആർ.എൽ.എ.നം. 256/2012 തീയതി: 23.05.2016 | കീഴ്ക്കോടതി വിധിച്ച ശിക്ഷ ശരിവച്ചുകൊണ്ട് അപ്പീൽ നിരസിച്ചു | | |

**റിപ്പോർട്ടുകൾ**

| | |
|---|---|
| **പോലീസ്** | പ്രതികൂലം |
| **പ്രൊബേഷൻ ഓഫീസർ** | അനുകൂലം |

## ഉപദേശക സമിതിയുടെ ശിപാർശ

പെട്ടെന്നുള്ള പ്രകോപനം മൂലമാണ് ടിയാൻ കുറ്റകൃത്യം ചെയ്തത്. ചികിത്സയ്ക്കായി ടിയാനെ നെട്ടുകാൽത്തേരി ഓപ്പൺ പ്രിസൺ ആൻഡ് കറക്ഷണൽ ഹോമിൽ നിന്നും വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലേക്ക് മാറ്റിയിട്ടുണ്ട്. ടിയാന്റെ പ്രായം, ജയിലിനുള്ളിലെ നല്ല പെരുമാറ്റം എന്നിവ പരിഗണിച്ച്, ജയിൽ ഉപദേശക സമിതി ടിയാന്റെ വിട്ടുതൽ ഐകകണ്ഠേന ശുപാർശ ചെയ്തു.

## 3) സി.നം. 329/22,നസീർ @ ഉണ്ണിയപ്പം നസീർ S/o ബഷീർ (വയസ്സ്: 50/2024)

മുൻ വൈരാഗ്യത്തെ തുടർന്ന് നസീറും മറ്റൊരാളും ചേർന്ന് ഷിയാദിനെ തടഞ്ഞുനിർത്തി കത്തികൊണ്ട് ആക്രമിക്കുകയും പരിക്കേൽപ്പിക്കുകയും ചെയ്തു.

### ശിക്ഷ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം. | കോടതി | കേസ് നമ്പരും വിധിന്യായത്തിന്റെ തീയതിയും | ശിക്ഷ | 30.11.2023 ൽ പൂർത്തീകരിച്ച യഥാർത്ഥ ശിക്ഷ | 30.11.2023 ൽ ഇളവ് ഉൾപ്പെടെ പൂർത്തീകരിച്ച ശിക്ഷ |
|---|---|---|---|---|---|
| 1 | ബഹു. അഡീഷണൽ സെഷൻസ് കോടതി -III തൊടുപുഴ | എസ്.സി.നം. 225/2021 തീയതി: 09.06.2022 | 1.ഇന്ത്യൻ ശിക്ഷാ നിയമം 308 വകുപ്പ് പ്രകാരം 5 വർഷം കഠിന തടവും 20,000/- രൂപ പിഴയും. പിഴ ഒടുക്കിയില്ലെങ്കിൽ 3 മാസം കഠിന തടവ് | 02 വർഷം 11 മാസം 11 ദിവസം | 3 വർഷം 29 ദിവസം |

### റിപ്പോർട്ടുകൾ

| | |
|---|---|
| **പോലീസ്** | പ്രതികൂലം |
| **പ്രൊബേഷൻ ഓഫീസർ** | പ്രതികൂലം |

## ഉപദേശക സമിതിയുടെ ശിപാർശ

മുൻ വൈരാഗ്യത്തെ തുടർന്നാണ് ടിയാൻ കുറ്റകൃത്യം ചെയ്തത്. ജയിലിനുള്ളിൽ ഒരു അച്ചടക്ക നടപടിക്കും ടിയാൻ വിധേയനായിട്ടില്ല. പോലീസ് റിപ്പോർട്ടും പ്രൊബേഷൻ റിപ്പോർട്ടും ടിയാന്റെ വിട്ടുതലിന് എതിരായതിനാൽ, 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 464(2) പ്രകാരം ജയിൽ സൂപ്രണ്ട് ടിയാന്റെ അകാലവിട്ടുതലിനെ അനുകൂലിച്ചില്ല. ഇന്ത്യൻ ശിക്ഷാ നിയമം 308 വകുപ്പ് പ്രകാരമുള്ള കുറ്റമാണ് ടിയാൻ ചെയ്തത് എന്നതിനാലും ഇരയുടെ ഇടത് കൈ വിരലുകളിൽ ഏൽപ്പിച്ച പരിക്കുകൾ ടിയാന്റെ മരണകാരണമാകുന്നില്ലാ എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലും, സമിതി വിശദമായി ചർച്ച ചെയ്ത് ടിയാന്റെ അകാല വിട്ടുതൽ ഐകകണ്ഠേന ശുപാർശ ചെയ്തു.

**4) സി.നം. 141/22, ബിനു ഒറാഓൺ S/0 റാം ഒറാഓൺ (വയസ്സ് : 41/2024)**

06.11.2018 ന് ഭാര്യ സുഹൃത്തിനൊപ്പം ഉറങ്ങുന്നത് കണ്ടപ്പോൾ പെട്ടെന്നുള്ള ദേഷ്യവും മനോവിഷമവും കാരണം ബിനു ഒറോൺ ഭാര്യയെ മരക്കഷ്ണം കൊണ്ട് അടിച്ച് കൊലപ്പെടുത്തി.

## ശിക്ഷ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം. | കോടതി | കേസ് നമ്പരും വിധിന്യായത്തിന്റെ തീയതിയും | ശിക്ഷ | 30.11.2023 ൽ പൂർത്തീകരിച്ച യഥാർത്ഥ ശിക്ഷ | 30.11.2023 ൽ ഇളവ് ഉൾപ്പെടെ പൂർത്തീകരിച്ച ശിക്ഷ |
|---|---|---|---|---|---|
| 1 | ബഹു. അഡീഷണൽ സെഷൻസ് കോടതി ഇരിഞ്ഞാലക്കുട | എസ്.സി 616/2019 തീയതി: 11.03.2022 | 1.ഇന്ത്യൻ ശിക്ഷാ നിയമം 304 Part-II വകുപ്പ് പ്രകാരം 10 വർഷം കഠിന തടവും 50,000/- രൂപ പിഴയും. പിഴ ഒടുക്കിയില്ലെങ്കിൽ ഒരു വർഷം തടവ്<br><br>2. ഇന്ത്യൻ ശിക്ഷാ നിയമം 326 വകുപ്പ് പ്രകാരം 03 വർഷം കഠിന തടവും 10,000/- രൂപ പിഴയും. പിഴ ഒടുക്കിയില്ലെങ്കിൽ 6 മാസം കഠിന തടവ് | 05 വർഷം 24 ദിവസം | 05 വർഷം 04 മാസം 03 ദിവസം |

| | | | | | |
|---|---|---|---|---|---|
| | | | 3. ഇന്ത്യൻ ശിക്ഷാ നിയമം 324 വകുപ്പ് പ്രകാരം 01 വർഷം കഠിന തടവ്.<br><br>4. ഇന്ത്യൻ ശിക്ഷാ നിയമം 323 വകുപ്പ് പ്രകാരം 06 മാസം കഠിന തടവ്.<br><br>5. ഇന്ത്യൻ ശിക്ഷാ നിയമം 341 വകുപ്പ് പ്രകാരം 01 മാസം വെറും തടവ്.<br><br>ശിക്ഷകളെല്ലാം ഒരുമിച്ച് അനുഭവിച്ചാൽ മതി. | | |

**റിപ്പോർട്ടുകൾ**

| | |
|---|---|
| **പോലീസ്** | ലഭ്യമായിട്ടില്ല |
| **പ്രൊബേഷൻ ഓഫീസർ** | അനുകൂലം |

**<u>ഉപദേശക സമിതിയുടെ ശിപാർശ</u>**

പെട്ടെന്നുള്ള പ്രകോപനത്തെ തുടർന്നാണ് ടിയാൻ കുറ്റകൃത്യം ചെയ്തതെന്നും, മക്കളെ പരിപാലിക്കാൻ ആരുമില്ലെന്ന പശ്ചിമ ബംഗാളിലെ അലിപുർദുവാറിലെ പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടും പരിഗണിച്ച് ജയിൽ ഉപദേശക സമിതി ടിയാന്റെ വിട്ടുതൽ ഐകകണ്ഠേന ശുപാർശ ചെയ്തു.

107) 5) ഈ വിഷയത്തിൽ നിയമ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി;

**1. C. No.5706, NAWAB @ NAVAS; S/o HANEEFA (Age: 47/2024)**

| Details of conviction | Reasons for Recommendation |
|---|---|
| The Prosecution case is that the accused and others hatched a criminal conspiracy and formed an unlawful assembly with deadly weapon and brutally murdered Jamal on 05.08.2007 due to previous enmity. | The District Probation Officer, Ernakulam recommended for his release. But the Police Report is adverse. Jail Advisory Board has recommended for his release. |

| | |
| --- | --- |
| He was the second accused in S. C. No. 490/2007 of the Addl. Sessions Court -IV, Ernakulam and was convicted and sentenced to RI for life and pay a fine of Rs.100000/- i/d SI for 02 years u/s 302 r/w 120B r/w 149 IPC., RI for 3 years u/s 120B IPC., RI for 02 years and fine of Rs10,000/- i/d SI for 6months u/s 148 IPC,RI for 02 years u/s 27 of the Arms Act and SI for 06months u/s143 r/w 141 IPC.<br><br>The judgment of the convicting Court was partly confirmed and the offence U/S 120 B IPC was set aside and fine amount reduced from Rs.100000/-to Rs.50,000/- for sec. 302. All other sentences of trial court were confirmed by the Hon'ble High Court vide Judgment in Crl. Appeal No.129/2009 dated 27.06.2012. | As per Sec. 475 of BNSS where a sentence of imprisonment for life is imposed on conviction of a person for an offence for which death is one of the punishments provided by law, such person shall not be released from prison unless he had undergone at least 14 years of imprisonment.<br><br>In the present case, the convicting court has not ordered that the imprisonments are to run concurrently. Hence the punishment are to run consecutively. The appellate Court has also not addressed whether the imprisonments are to run concurrently, but has made clear that the accused are entitled to get set off for the period they have been in custody as provided under sec 428 IPC subject to the orders passed by the appropriate authority under 473 and 474 of BNSS. The convict has undergone actual imprisonment of 15 years, 03 months and 15 days as on 30.11.2023. Hence the stipulation in 475 of BNSS regarding sentence of life imprisonment is satisfied. Hence A/D may verify the custody period and whether , including the custody period he has served 2/3 rd of the sentence in respect of the remaining convictions , so as to satisfy the condition in section 78(2) of the Kerala Prisons and correctional Services Management Act. Subject to this there is no legal impediment in his premature release. |

**2) C.No.138/22, PAUL; S/o LONAPPAN (Age: 64/2024)**

| Details of conviction | Reasons for Recommendation |
|---|---|
| The Prosecution case is that the accused stabbed one Anil Kumar with a knife and succumbed to death while they are working together in a hotel.<br><br>Copy of the Judgment of convicting Court is not enclosed. It is seen from the contents of the Judgment of High Court in Crl. Appeal No.256/2012 dated 23.05.2016 that the accused in S. C. No. 149/2003 of the First Addl. Sessions Court, Thrissur was convicted and sentenced to RI for life, fine of Rs.50,000/-i/d RI for 03 years u/s 302.<br><br>The judgment of the convicting Court was confirmed by the Hon'ble High Court vide Judgment in Crl. Appeal No.256/2012 dated 23.05.2016. | The District Probation Officer, Thrissur recommended for his release. But the Police Report is adverse. Jail Advisory Board has recommended for his release.<br><br>As per Sec. 475 of BNSS where a sentence of imprisonment for life is imposed on conviction of a person for an offence for which death is one of the punishments provided by law, such person shall not be released from prison unless he had undergone at least 14 years of imprisonment. He has undergone actual imprisonment of 14 years, 17 days as on 30.11.2023.<br><br>The judgment of the convicting Court is not available. Hence it is not clear whether the punishments are to run concurrently and whether there is any stipulation in the convicting court judgment against his release. A/D may verify the same. Subject to this there is no legal impediment in his premature release. |

**3) C.No.5384, RAVI @ RAVEENDRAN; S/o KRISHNAN (Age:56/2024)**

| Details of conviction | Reasons for Recommendation |
|---|---|
| The Prosecution case is that the accused trespassed into the backyard of the house of mentally retard woman and sexually abused and raped.<br><br>He was the accused in S. C. No.358/2016 of the Addl. District & Sessions Court (POCSO), Ernakulam and was convicted and sentenced to RI | The District Probation Officer, Ernakulam recommended for his release. But the Police Report is adverse. Jail Advisory Board has recommended for his release.<br><br>As per Sec. 473 of BNSS, when any person has been sentenced to punishment for an offence, the |

| | |
|---|---|
| for 10 years, fine of Rs.10,000/-i/d RI for 06 months u/s 450 IPC 2) RI for 10years, fine of Rs.20,000/-i/d RI for 01year u/s 376(2) (i) of IPC The substantive sentence shall run concurrently.<br><br>The Hon'ble High Court vide its Order dated 19/8/2022 in CRL.A No. 1356/2018 had confirmed the sentence of the lower Court. | appropriate Government may, at any time, remit the whole or any part of the punishment to which he has been sentenced. As per Sec. 78(2) of the Kerala Prisons and Correctional services Management Act, all kinds of parole, remission and leave granted to the prisoners shall in no case exceed one third of the sentence. The convict has undergone 07 years 11 months 19 days actual imprisonment as on 30/11/2023 and there is no legal impediment in releasing him |

**4) C.No.329/22, NASEER @ UNNIYAPPAM NASEER; S/o BASHEER (Age: 50/2024)**

| Details of conviction | Reasons for Recommendation |
|---|---|
| The Prosecution case is that the accused along with another restrained one Shiyad and assaulted him with a knife and inflicted injuries due to previous enmity.<br><br>He was the second accused in S. C. No. 225/2021 of the Addl. Sessions Court - III, Thodupuzha and was convicted and sentenced to RI for 5 years, fine of Rs:20,000/-i/d RI for 3 months u/s 308 IPC. | The District Probation Officer, Idukki Thodupuzha and the Police Report are adverse. But the Jail Advisory Board has recommended for his release.<br><br>As per Sec. 473 of BNSS, when any person has been sentenced to punishment for an offence, the appropriate Government may, at any time, remit the whole or any part of the punishment to which he has been sentenced. As per Sec. 78(2) of the Kerala Prisons and Correctional services Management Act, all kinds of parole, remission and leave granted to the prisoners shall in no case exceed one third of the sentence. Here the total remission would come to more than 1/3rd of the total sentence. Hence not eligible for being considered for premature release. |

**5) C.No.223/23, MANIKANDA T G; S/o VIJAYASANKAR (Age:22/2024)**

| Details of conviction | Reasons for Recommendation |
|---|---|
| The Prosecution case is that the accused trespassed into a hotel and theft a mobile phone and laptop kept there.<br><br>He was the accused in C. C. No. 49/2023 of the JFCM -II Aluva and was convicted and sentenced to RI for 2 years, fine of Rs.5000/- i/d SI for 50 days u/s 457 IPC 2) RI for 02 years, fine of Rs.5000/-, i/d SI for 50 days u/s 380 IPC. The substantive sentence shall run concurrently. | Report of Probation Officer,and Police Report are not received. Jail Advisory Board Considering the age and the general opinion in the matter that this case would have got the benefit of Probation of Offender's Act, 1958, the Jail Advisory Board has unanimously recommended for his release.<br><br>As per Sec. 473 of BNSS, when any person has been sentenced to punishment for an offence, the appropriate Government may, at any time, remit the whole or any part of the punishment to which he has been sentenced. As per Sec. 78(2) of the Kerala Prisons and Correctional services Management Act, all kinds of parole, remission and leave granted to the prisoners shall in no case exceed one third of the sentence. The convict has undergone actual imprisonment of 01 year, 03 months and 06 days as on 30.11.2023. Report from the District Probation officer or the Police is not available in file. In the proforma, it is stated that the reports are not received. A/D may consider the same. |

6) **C.No.141/22, BINU ORAON; S/o RAM ORAON (Age: 41/2024)**

| Details of conviction | Reasons for Recommendation |
|---|---|
| The Prosecution case is that the accused had murdered his wife by hitting with a piece of wooden rafter due to sudden temper and distress while he saw his wife was found slept with his friend.<br><br>He was the accused in S.C No. | The District Probation -cum-After Care Officer, Alipurduar, Office of the District Magistrate, Alipurduar, West Bengal has recommended for release. Police Report not received so far. Jail Advisory Board has |

| | |
|---|---|
| 616/2019 of the Addl. Sessions Court, Irinjalakkuda and was convicted and sentenced to RI for 10 years, fine of Rs.50,000/- i/d imprisonment for 1 year u/s 304 Part-II IPC, RI for 03 years, fine of Rs.10,000/-, i/d RI for 6months u/s 326 IPC, RI for 1 year u/s 324 IPC, RI for 06 months u/s 323 IPC and SI for 1 month u/s 341 IPC. The substantive sentence shall run concurrently. | recommended for his release.<br><br>As per Sec. 473 of CrPC, when any person has been sentenced to punishment for an offense, the appropriate Government may, at any time, remit the whole or any part of the punishment to which he has been sentenced. As per Sec. 78(2) of the Kerala Prisons and Correctional services Management Act, all kinds of parole, remission and leave granted to the prisoners shall in no case exceed one third of the sentence.<br><br>The convict has undergone actual imprisonment of 05 years, and 24 days as on 30.11.2023. Here the total remission would come to more than 1/3rd of the total sentence. Hence not eligible for being considered for premature release. |

**7) C.No.266/23, OUSEPHKUTTY; S/o KOCHAPPAN (Age: 64/2024)**

| Details of conviction | Reasons for Recommendation |
|---|---|
| The Prosecution case is that the accused due to the animosity that the victim prevented the accused while taking money from the victim's pocket, hit the victim with wooden stick and sustained fracture to his leg bone.<br><br>He was the accused in C. C. No. 3471/2015 of JFCM Irinjalakkuda and was convicted and sentenced Imprisonment for 1 month u/s 341 IPC, Imprisonment for 2 years, fine of Rs.1000/- i/d imprisonment for one month u/s 326 IPC. The substantive sentence shall run concurrently. | The District Probation Officer, Thrissur has recommended for release and Police Report is adverse. Jail Advisory Board has recommended for his release.<br><br>As per Sec. 473 of BNSS, when any person has been sentenced to punishment for an offence, the appropriate Government may, at any time, remit the whole or any part of the punishment to which he has been sentenced. As per Sec. 78(2) of the Kerala Prisons and Correctional services Management Act, all kinds of |

| | |
|---|---|
| | parole, remission and leave granted to the prisoners shall in no case exceed one third of the sentence.<br><br>The convict has undergone actual imprisonment of 01 years, 7 months and 10 days as on 30.11.2023. There is no legal impediment in his premature release. |

**8) C.No.473/23, SOLOMON THOMAS; S/o KOSHY THOMAS (Age:58/2024)**

| Details of conviction | Reasons for Recommendation |
|---|---|
| The Prosecution case is that the accused had an intention to make unlawful gain to himself, cheated a person and her son after collecting Rs. 2,43,500/- through their bank accounts,by giving a false promise that he will help to build a house to the victim as a part of the charity in memorial of Pampadi Bishop.<br><br>He was the accused in C. C. No. 536/2022 of JFCM -I Kottayam and was convicted and sentenced SI for 02 years u/s 420 IPC. | The District Probation Officer, Kottayam and Police Report are adverse. Jail Advisory Board has recommended for his release.<br><br>As per Sec. 473 of BNSS, when any person has been sentenced to punishment for an offence, the appropriate Government may, at any time, remit the whole or any part of the punishment to which he has been sentenced. As per Sec. 78(2) of the Kerala Prisons and Correctional services Management Act, all kinds of parole, remission and leave granted to the prisoners shall in no case exceed one third of the sentence.<br><br>The convict has undergone actual imprisonment of 01 years, 4 months and 17 days as on 30.11.2023. There is no legal impediment in his premature release. |

---

------------------------------------------."

108) 6) ക്രമ നം. 4&6 എന്നീ കേസുകളിൽ നിയമ വകുപ്പ് ഇപ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. "*as per Sec. 78(2) of the Kerala Prisons and Correctional services Management Act, all kinds of parole, remission and leave granted to the prisoners shall in no case exceed one third of the sentence. Here the total remission would come to more than 1/3rd of the total sentence. Hence not eligible for being considered for premature release.*"

109) 7) 13.08.2024 ന് അഡീഷണൽ ചീഫ് സെക്രട്ടറി നിയമ വകുപ്പ് പ്രതിനിധിയുമായി ഒരു യോഗം വിളിച്ചു ചേർത്ത് ചുവടെ ചേർക്കും പ്രകാരം ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

"The process of premature release of the prisoners, which is granting remission, is done by following a process. The process is governed by the provisions of the Kerala Prisons & Correctional Services Act 2010 and the Rule 2014 and on recommendation of Jail Advisory Committee. In these 9 cases also, Jail Advisory Committee has given similar recommendations which was given in many cases in the past. Now, Law Department has pointed out some inconsistency in the provisions of the Rule related to the provisions of the Act. The present 9 cases have already been recommended by the JAC in the system of procedure which have been followed till now by the Government including Home department and Law Department are put together. It is appropriate that the final decision to release the prisoners prematurely on the recommendation of JAC may be taken as it has been done in the similar cases in the past . The view of law department is to be considered and the concerned or relevant Rule may be amended after further scrutiny."

110) 8) ബഹു. മുഖ്യമന്ത്രി ഇത് അംഗീകരിക്കുകയും ഈ വിഷയം വിശദമായി പരിശോധിച്ച് ഉചിതമായ ശിപാർശ സർക്കാരിൽ സമർപ്പിക്കുന്നതിനായി ജയിൽ ചട്ട ഭേദഗതി പരിശോധിക്കുന്നതിനായി രൂപീകരിച്ച സമിതിക്ക് നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു.

111) 9) ഉത്തരവിനായി സമർപ്പിച്ചപ്പോൾ 05.02.2024 ൽ കൂടിയ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതിയുടെ ശിപാർശ മന്ത്രിസഭാ യോഗത്തിന് മുൻപാകെ സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

112) 10) ഈ വിഷയം 15.01.2025 ന് ചേർന്ന മന്ത്രിസഭായോഗം ഇനം നം. 2614 ആയി പരിഗണിക്കുകയും "ഇക്കാര്യം ഒരിക്കൽ കൂടി വിശദമായി പരിശോധിച്ച ശേഷം പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണ്." എന്ന് തീരുമാനിക്കുകയും ചെയ്തു.

## തീരുമാനിക്കേണ്ട വിഷയം

113) 1. വിയ്യൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ 05.02.2024 ൽ കൂടിയ ഉപദേശക സമിതിയുടെ ശിപാർശയും നിയമ വകുപ്പിന്റെ ഉപദേശവും പരിഗണിച്ച് ഭരണഘടനയുടെ 161–ാം അനുച്ഛേദം പ്രദാനം ചെയ്യുന്ന അധികാരങ്ങൾ വിനിയോഗിച്ചും, 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470 ലെ നിബന്ധനകൾക്ക് വിധേയമായും താഴെ പറയുന്ന 04 തടവുകാരുടെ ശേഷിക്കുന്ന ശിക്ഷാ കാലയളവ് ഇളവ് ചെയ്ത് അകാലവിടുതൽ അനുവദിക്കുന്നതിന് ബഹു. ഗവർണർക്ക് ഉപദേശം നൽകാമോ ?

1) സി.നം. 5706, നവാബ് S/o ഹനീഫ
2) സി.നം.138/22, പോൾ S/o ലോനപ്പൻ
3) സി.നം. 329/22, നസീർ S/o ബഷീർ
4) സി.നം. 141/22, ബിനു ഒറാഓൺ S/o റാം ഒറാഓൺ

അല്ലെങ്കിൽ

114) 2. ഭാര്യയെ കൊലപ്പെടുത്തിയ കുറ്റത്തിന് ശിക്ഷിക്കപ്പെട്ട സി.നം. 141/22, ബിനു ഒറാഓൺ S/o റാം ഒറാഓൺ എന്ന തടവുകാരന്റെ അകാല വിടുതൽ നിരസിക്കാവുന്നതും 05.02.2024 ൽ കൂടിയ വിയ്യൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരവും നിയമ വകുപ്പിന്റെ ഉപദേശം പരിഗണിച്ചും ഭരണഘടനയുടെ 161–ാം അനുച്ഛേദം പ്രദാനം ചെയ്യുന്ന അധികാരങ്ങൾ വിനിയോഗിച്ചും, 2014 ലെ കേരള

115



പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470 ലെ നിബന്ധനകൾക്ക് വിധേയമായും താഴെ പറയുന്ന 03 തടവുകാരുടെ ശേഷിക്കുന്ന ശിക്ഷാ കാലയളവ് ഇളവ് ചെയ്ത് അകാലവിട്ടുതൽ അനുവദിക്കുന്നതിന് ബഹു. ഗവർണർക്ക് ഉപദേശം നൽകാമോ?

1) സി.നം. 5706, നവാബ് S/o ഹനീഫ

2) സി.നം.138/22, പോൾ S/o ലോനപ്പൻ

3) സി.നം. 329/22, നസീർ S/o ബഷീർ